LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് വകുപ്പിലെ നിയമനങ്ങൾ

57 [1064] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകി എന്നും എത്ര പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരിൽ എത്ര പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ വിവിധ തസ്തികകളിലായി 249 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവരിൽ 204 പേർ പി.എസ്.സി. മുഖേനയും 4 പേർ എംപ്ലോയ്മെന്റ് വഴി താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവരാണ്.

(സി) സിവിൽ സപ്ലൈസ് വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്കാർക്കും സ്ഥിരം നിയമനം നൽകിയിട്ടില്ല. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ ആരുംതന്നെ ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ ജോലി ചെയ്യുന്നില്ല.

(ഡി) ബാധകമല്ല.

കോളകളിലെ മാലിന്യങ്ങൾ

58 [1065] ശ്രീ. ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
,, എ. സുജനപാൽ:
,, എം. പി. ഗംഗാധരൻ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെപ്സി, കൊക്കക്കോള ഉല്പന്നങ്ങളിൽ എന്തെല്ലാം വിധത്തിലുള്ള വിഷ വസ്തുക്കളും മറ്റ് മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി ആണ് സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശോധനയിൽ തെളിഞ്ഞിട്ടുള്ളത്; ഇത്തരം കുടിവസ്തു സംസ്ഥാനത്ത് നിർമ്മിച്ച് വിറ്റഴിച്ചതിന്റെ പേരിൽ എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ?